2026
July
24
FRIDAY

www.societytodaynews.com
സൊസൈറ്റി ടുഡേ
SOCIETY TODAY
e-paper




# ജനറിക് മരുന്ന് ഇറക്കുമതി; തീരുവ വർധിപ്പിക്കുമെന്നു ട്രംപ്

**വാഷിംഗ്ടൺ ഡിസി:** ഇന്ത്യക്കുമേൽ അമേരിക്കൻ പ്രസിഡൻറ് ഡോണൾഡ് ട്രംപിന്റെ തീരുവ ഇടിത്തീ വീണ്ടും. ജനറിക് മരുന്നുകൾക്ക് 200 ശതമാനംവരെ തീരുവ വർധിപ്പിക്കുമെന്നു ട്രംപ് പ്രഖ്യാപിച്ചു.

ഘട്ടംഘട്ടമായാണു തീരുവ വർധിപ്പിക്കുക. അമേരിക്കയിൽ മരുന്ന് ഉത്പാദനം പ്രോത്സാഹിപ്പിക്കുകയെന്ന ലക്ഷ്യത്തോടെയുള്ള ട്രംപിൻറെ നടപടി ഇന്ത്യക്കു കനത്ത തിരിച്ചടിയാകും. യുഎസിലേക്ക് ഏറ്റവും കൂടുതൽ ജെനറിക് മരുന്നുകൾ കയറ്റുമതി ചെയ്യുന്ന രാജ്യമായതുകൊണ്ടുതന്നെ ഈ തീരുമാനം ഇന്ത്യയെ സാരമായി ബാധിച്ചേക്കാം. യുഎസിൽ വിൽക്കുന്ന ജനറിക് മരുന്നുകളിൽ 4050 ശതമാനവും ഇന്ത്യയിൽനിന്ന് ഇറക്കുമതി ചെയ്യുന്നതാണ്.

പുതിയ പ്രഖ്യാപനപ്രകാരം ഓഗസ്റ്റ് ഒന്നു മുതൽ തുടർന്നുള്ള രണ്ട് വർഷത്തേക്ക് എല്ലാ ജനറിക് മരുന്നുകളുടെയും ഇറക്കുമതി തീരുവ പൂജ്യം ശതമാനമായി തുടരും. എന്നാൽ ഇതിനു ശേഷം വരുന്ന 2028 ഓഗസ്റ്റ് മുതൽ ഇത് 100 ശതമാനം തീരുവയാകും.




അതിനുശേഷം 2029 ഓഗസ്റ്റ് മുതൽ 200 ശതമാനമായും കുത്തനെ ഉയർത്തുമെന്ന് ട്രംപ് വ്യക്തമാക്കി. തൻറെ സോഷ്യൽ മീഡിയ പ്ലാറ്റ്ഫോമായ ട്രൂത്ത് സോഷ്യലിലൂടെയാണ് ട്രംപ് ഇക്കാര്യം പങ്കുവെച്ചത്. മരുന്ന് നിർമാണം രാജ്യത്തിനുള്ളിൽ തന്നെ ഉറപ്പാക്കുകയെന്ന ലക്ഷ്യത്തോടെയാണ് പുതിയ നീക്കം.

ഓഗസ്റ്റ് 1 മുതൽ യുഎസിലേക്ക് എത്തുന്ന ജനറിക് മരുന്നുകൾക്ക് ആദ്യ രണ്ട് വർഷത്തേക്ക് പൂജ്യം ശതമാനം നികുതിയായിരിക്കും ഉണ്ടായിരിക്കുകയെന്ന് ട്രൂത്ത് സോഷ്യലിലെ പോസ്റ്റിൽ ട്രംപ് വ്യക്തമാക്കി. അതിനുശേഷം, അടുത്ത ഒരു വർഷത്തേക്ക് നികുതി 100 ശതമാനമായും മൂന്നാം വർഷം മുതൽ 200 ശതമാനമായും ഉയർത്തും.

മരുന്ന് നിർമാണം യുഎസിൽ തിരികെ കൊണ്ടുവരാനാണ് ഈ പദ്ധതിയുടെ ലക്ഷ്യം. അനുവദിച്ചിട്ടുള്ള സമയത്തിനുള്ളിൽ നിർമാണ പ്ലാൻറുകളും ഉപകരണങ്ങളും സ്ഥാപിക്കാൻ തയാറാകാത്ത കമ്പനികൾക്ക് കനത്ത പിഴയുണ്ടാകുമെന്നും ട്രംപ് തൻറെ സോഷ്യൽ മീഡിയ പ്ലാറ്റ്ഫോമായ ട്രൂത്ത് സോഷ്യലിൽ കുറിച്ചു.

അമേരിക്കയിലെ ജനങ്ങളെ സംരക്ഷിക്കുക എന്നതാണ് ഈ നയത്തിന്റെ ലക്ഷ്യമെന്നും പേറ്റൻറുള്ളതും ബ്രാൻഡഡ് ആയതും നൂതനവുമായ മരുന്നുകളുടെ കാര്യത്തിൽ നിലവിലുള്ള രീതി മാറ്റമില്ലാതെ തുടരുമെന്നും അദ്ദേഹം വ്യക്തമാക്കി.

# പേടിഎമ്മിന്റെ വരുമാനം 28 ശതമാനം ഉയർന്നു

**കൊച്ചി:** പേടിഎം (വൺ 97 കമ്മ്യൂണിക്കേഷൻസ് ലിമിറ്റഡ്) 2026 ജൂണിൽ അവസാനിച്ച സാമ്പത്തിക വർഷത്തിന്റെ ആദ്യ പാദത്തിൽ ഇതുവരെയുള്ള ഏറ്റവും ഉയർന്ന പ്രവർത്തന ലാഭമായ 203 കോടി രൂപ രേഖപ്പെടുത്തി. കമ്പനിയുടെ പ്രവർത്തന വരുമാനം കഴിഞ്ഞ വർഷത്തെ അപേക്ഷിച്ച് 28 ശതമാനം വർധിച്ച് 2,448 കോടി രൂപയായി. അറ്റാദായം 79 ശതമാനം ഉയർന്ന് 220 കോടി രൂപയിലെത്തി. വ്യാപാരികളുടെ ഡിജിറ്റൽ ഇടപാടുകളുടെ മൊത്തം മൂല്യം 31 ശതമാനം വർധിച്ച് 7.1 ലക്ഷം കോടി രൂപയായി. സാമ്പത്തിക സേവന വിതരണത്തിലൂടെയുള്ള വരുമാനം 45 ശതമാനം ഉയർന്ന് 814 കോടി രൂപയിലെത്തി. ഉപഭോക്താക്കളുടെ യുപിഐ ഇടപാടുകളിലും ശ്രദ്ധേയമായ വളർച്ച രേഖപ്പെടുത്തിയതായി കമ്പനി അറിയിച്ചു. കൃത്രിമ ബുദ്ധി അധിഷ്ഠിത സേവനങ്ങളും വ്യാപാര, ഉപഭോക്തൃ സേവനങ്ങളുടെ വിപുലീകരണവുമാണ് മികച്ച സാമ്പത്തിക പ്രകടനത്തിന് കാരണമായതെന്ന് കമ്പനി വ്യക്തമാക്കി.




# ഐഎൻഎസ് മാൽവൻ കമ്മീഷൻ ചെയ്തു

**കാർവാർ:** ഇന്ത്യൻ നാവികസേനയ്ക്കായി തദ്ദേശീയ രൂപകൽപ്പനയിൽ നിർമ്മിച്ച മഹേക്ലാസ് ആന്റിസബ്മറൈൻ വാർഫെയർ ഷാലോ വാട്ടർ ക്രാഫ്റ്റുകളിൽ (അടണടണഇ) രണ്ടാമത്തേതായ ഐഎൻഎസ് മാൽവൻ കാർവാറിൽ നടന്ന ചടങ്ങിൽ സേനയുടെ ഭാഗമായി കമ്മീഷൻ ചെയ്തു. 2003ൽ 19 വർഷത്തെ സുത്യർഹ സേവനത്തിന് ഡികമ്മീഷൻ ചെയ്ത ഇൻഷോർ മൈൻസ്വീപ്പർ കപ്പലിന്റെ പേരാണ് ഈ പുതിയ യുദ്ധക്കപ്പലിന് നൽകിയിട്ടുള്ളത്.

വ്യോമസേനാ മേധാവി എയർ ചീഫ് മാർഷൽ എ.പി. സിങ് ചടങ്ങിൽ അധ്യക്ഷത വഹിച്ച ചടങ്ങിൽ വെസ്റ്റേൺ നേവൽ കമാൻഡ് ഫൽഗ് ഓഫീസർ കമാൻഡിങ് ഇൻ ചീഫ് വൈസ് അഡ്മിറൽ സഞ്ജയ് വാത്സ്യായൻ, മറ്റ് മുതിർന്ന നാവികസേനാ ഉദ്യോഗസ്ഥർ, കൊച്ചിൻ ഷിപ്പ്യാർഡ് ലിമിറ്റഡ് പ്രതിനിധികൾ, പൂർവ്വ സൈനികർ തുടങ്ങിയവരും പങ്കെടുത്തു.

ധീരത, യുദ്ധ തന്ത്രങ്ങൾ, ചടുലത എന്നിവയെ സൂചിപ്പിക്കുന്ന 'ബാഗ് നഖ' (പുലിനഖം) ആണ് ഐഎൻഎസ് മാൽവണിന്റെ ഔദ്യോഗിക ചിഹ്നം. ശത്രുക്കളെ വേഗത്തിലും നിശബ്ദമായും ആക്രമിക്കുക എന്ന കപ്പലിന്റെ ലക്ഷ്യത്തെയാണ് ഇത് പ്രതിനിധീകരിക്കുന്നത്. ചിഹ്നത്തിന് ചുറ്റുമുള്ള തിരമാലകൾ രാജ്യത്തിന്റെ സമുദ്ര അതിർത്തികൾ സംരക്ഷിക്കുന്നതിൽ നാവികസേനയ്ക്കുള്ള ജാഗ്രതയെ കാണിക്കുന്നു. 'സൈലന്റ് ക്ലോസ്' എന്നതാണ് കപ്പലിന്റെ മോട്ടോ.

'കേന്ദ്രസർക്കാരിന്റെ ആത്മനിർഭർ ഭാരത് പദ്ധതിയുടെ ഭാഗമായി തദ്ദേശീയ സാങ്കേതികവിദ്യ ഉപയോഗിച്ചാണ് കപ്പലിന്റെ 80 ശതമാനവും നിർമ്മിച്ചത്. മറ്റ് നാവികസേനാ കപ്പലുകൾ, മുങ്ങിക്കപ്പലുകൾ, വിമാനങ്ങൾ എന്നിവയുമായി ഏകോപിച്ച് പ്രവർത്തിക്കാൻ ശേഷിയുള്ള ഐഎൻഎസ് മാൽവണിന്റെ വരവ് രാജ്യത്തിന്റെ സമുദ്രസുരക്ഷ പതിൻമടങ്ങ് ശക്തമായിരിക്കുകയാണ്.






# സംസ്ഥാനത്ത് സിദ്ധാർഥ് ആന്റി റാഗിങ് നിയമം നടപ്പാക്കും: മുഖ്യമന്ത്രി

**തിരുവനന്തപുരം:** സംസ്ഥാനത്തെ കോളേജുകളിലും പ്രൊഫഷണൽ വിദ്യാഭ്യാസ സ്ഥാപനങ്ങളിലും റാഗിങ് തടയുന്നതിനായി പുതിയ നിയമം കൊണ്ടുവരാൻ സർക്കാർ തീരുമാനിച്ചതായി മുഖ്യമന്ത്രി വി ഡി സതീശൻ മന്ത്രിസഭായോഗത്തിന് ശേഷം നടത്തിയ വാർത്താസമ്മേളനത്തിൽ അറിയിച്ചു. വയനാട് വെറ്റിനറി കോളേജിലെ വിദ്യാർഥിയായിരുന്ന സിദ്ധാർഥിന്റെ പേരിൽ 'സിദ്ധാർഥ് ആന്റി റാഗിങ് നിയമം' നടപ്പാക്കുമെന്നും, റാഗിങ് സംബന്ധിച്ച പരാതികൾ വിദ്യാർഥികൾക്ക് എളുപ്പത്തിൽ അധികൃതരെ അറിയിക്കാൻ 'സിദ്ധാർഥ് ഡിസ്ട്രസ് ആപ്പ്' രൂപീകരിക്കുമെന്നും അദ്ദേഹം പറഞ്ഞു.

പ്രതിസന്ധിയിലായ പരമ്പരാഗത കയർ മേഖലയെ സംരക്ഷിക്കുന്നതിനായി ഓണക്കാലത്ത് സംസ്ഥാനതലത്തിൽ പ്രത്യേക ക്യാമ്പയിൻ സംഘടിപ്പിക്കും. കെട്ടിക്കിടക്കുന്ന കയർ ഉത്പന്നങ്ങൾ വിറ്റഴിച്ച് മേഖലയെ പ്രതിസന്ധിയിൽ നിന്ന് കരകയറ്റുകയാണ് ലക്ഷ്യം. സർക്കാർ സ്ഥാപനങ്ങളും പൊതുജനങ്ങളും കുറഞ്ഞത് ഒരു കയർ ഉത്പന്നമെങ്കിലും വാങ്ങി ഈ സംരംഭത്തിന്റെ ഭാഗമാകണമെന്ന് മുഖ്യമന്ത്രി അഭ്യർഥിച്ചു.

സംസ്ഥാനത്ത് വ്യവസായ, അടിസ്ഥാനസൗകര്യ വികസന മേഖലകളിൽ 10,000 കോടി രൂപയുടെ പുതിയ നിക്ഷേപം പ്രതീക്ഷിക്കുന്നതായി മുഖ്യമന്ത്രി പറഞ്ഞു. പോർട്ട് സിറ്റി, ഏവിയേഷൻ ഹബ്, സ്പേസ് ഇക്കോണമി തുടങ്ങിയ മേഖലകളിലാണ് പുതിയ നിക്ഷേപങ്ങൾ പ്രതീക്ഷിക്കുന്നത്. കൊച്ചിയിൽ ഓഷ്യനേറിയവും ഇന്റർനാഷണൽ മാരിടൈം മ്യൂസിയവും സ്ഥാപിക്കുന്ന നടപടികളും പുരോഗമിക്കുകയാണ്.

സംസ്ഥാനത്തെ നിലവിലെ വൈദ്യുതി പ്രതിസന്ധിക്ക് എൽനിനോ പ്രതിഭാസത്തെ തുടർന്നുണ്ടായ മഴക്കുറവും വൈദ്യുതി ഉപഭോഗ വർധനയുമാണ് പ്രധാന കാരണങ്ങളെന്ന് മുഖ്യമന്ത്രി പറഞ്ഞു. കഴിഞ്ഞ വർഷം 61 ശതമാനമായിരുന്ന അണക്കെട്ടുകളിലെ ജലനിരപ്പ് ഇത്തവണ 28 ശതമാനമായി കുറഞ്ഞു. അതേസമയം, പ്രതിദിന വൈദ്യുതി ആവശ്യകതയിൽ ഏകദേശം 1,000 മെഗാവാട്ടിന്റെ വർധനയുണ്ടായി. ഈ സാഹചര്യം മറികടക്കാൻ ഓപ്പൺ മാർക്കറ്റിൽ നിന്ന് 200 മെഗാവാട്ട് വൈദ്യുതി വാങ്ങാൻ സർക്കാർ തീരുമാനിച്ചതായും ദീർഘകാല പരിഹാരത്തിനുള്ള പദ്ധതികൾ തയ്യാറാക്കിവരികയാണെന്നും സതീശൻ കൂട്ടിച്ചേർത്തു.

മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നുള്ള സഹായ വിതരണം വേഗത്തിലാക്കിയെന്നും കഴിഞ്ഞ രണ്ട് മാസത്തിനിടെ 21000ത്തിലധികം അപേക്ഷകൾ തീർപ്പാക്കിയതായും മുഖ്യമന്ത്രി പറഞ്ഞു. 24 കോടി 15 ലക്ഷം രൂപ അർഹരായവർക്ക് വിതരണം ചെയ്തു. അടിയന്തര ശസ്ത്രക്രിയ ആവശ്യമായ കുട്ടികൾക്കും വയനാട് ഉരുൾപൊട്ടൽ പോലുള്ള ദുരന്തങ്ങളിൽപ്പെട്ടവർക്കും കാലതാമസമില്ലാതെ സഹായം ലഭ്യമാക്കാൻ പ്രത്യേക നിർദേശം നൽകിയിട്ടുണ്ടെന്നും സതീശൻ പറഞ്ഞു.

വഖഫ് ബോർഡുമായി ബന്ധപ്പെട്ട വിഷയത്തിൽ രൂപീകരണ ഉത്തരവ് പ്രകാരവും, കോടതികളുടെ നിർദേശം വരുന്നതനുസരിച്ചും പരിശോധിച്ച് സർക്കാർ ഉചിതമായ തീരുമാനമെടുക്കുമെന്നും മാധ്യമപ്രവർത്തകരുടെ ചോദ്യങ്ങൾക്ക് മറുപടിയായി മുഖ്യമന്ത്രി പറഞ്ഞു.

നീറ്റ് പരീക്ഷയുമായി ബന്ധപ്പെട്ട് ഡൽഹിയിൽ നടക്കുന്ന സമരത്തിൽ വിദ്യാർഥികളുടെ ന്യായമായ അവകാശങ്ങൾക്കായുള്ള പോരാട്ടങ്ങൾക്ക് സംസ്ഥാന സർക്കാരിന്റെയും കേരള ജനതയുടെയും പൂർണ പിന്തുണ ഉണ്ടാകുമെന്നും മുഖ്യമന്ത്രി വ്യക്തമാക്കി.

# തൊഴിൽ വകുപ്പിന്റെ മുഖമായി മാറാൻ ഉദ്യോഗസ്ഥർക്ക് കഴിയണം: മന്ത്രി ബിന്ദു കൃഷ്ണ

**തിരുവനന്തപുരം:** തൊഴിൽ വകുപ്പിന്റെ മുഖമായി മാറാൻ തൊഴിൽ വകുപ്പ് ഉദ്യോഗസ്ഥർക്ക് കഴിയണമെന്ന് മന്ത്രി ബിന്ദു കൃഷ്ണ. തിരുവനന്തപുരം മാസ്കോട്ട് ഹോട്ടലിൽ ചേർന്ന തൊഴിൽ വകുപ്പ് ഉദ്യോഗസ്ഥരുടെ സംസ്ഥാനതല അവലോകന യോഗത്തിൽ സംസാരിക്കുകയായിരുന്നു മന്ത്രി.

കർമ മേഖലയിൽ മുൻവിധികളില്ലാതെ ഇടപെടാൻ ഉദ്യോഗസ്ഥർക്ക് കഴിയണം. തൊഴിലാളികളുടെയോ തൊഴിൽ ദാതാക്കളുടെയോ താൽപര്യമല്ല മറിച്ച് പ്രശ്നത്തിന്റെ നിജസ്ഥിതി മനസ്സിലാക്കി ഇടപെടുകയാണ് വേണ്ടത്. പുതിയ ലേബർ കോഡിന്റെ അടിസ്ഥാനത്തിൽ അന്തിമ സംസ്ഥാന ലേബർ നിയമങ്ങൾ ഉടൻ രൂപീകരിക്കുമെന്ന് മന്ത്രി പറഞ്ഞു. ആർട്ടിഫിഷ്യൽ ഇന്റലിജൻസിന്റെ കടന്നുവരവ് തൊഴിൽ അവസരങ്ങൾ ഇല്ലാതാകുമോ എന്ന ഭയം നിലനിൽക്കുന്നുണ്ട്. പണ്ട് കംപ്യൂട്ടർ വന്നപ്പോഴും ഇതായിരുന്നു സാഹചര്യം. എന്നാൽ സാങ്കേതിക വിദ്യകൾ തുറന്നിട്ട വാതായനങ്ങളിലൂടെ നടക്കാൻ നമുക്ക് സാധിക്കണം.

കേരള ഷോപ്സ് ആൻഡ് കമേഷ്യൽ എസ്റ്റാബ്ലിഷ്മെന്റ് നിയമപ്രകാരം മുഴുവൻ സ്ഥാപനങ്ങളുടെയും രജിസ്ട്രഷൻ പുതുക്കൽ നടപടികൾക്ക് വേഗം കൂട്ടണം. സെപ്റ്റംബർ 15ന് വൈകിട്ട് 5ന് മുമ്പ് ഈ രജിസ്ട്രേഷൻ പൂർത്തിയാക്കണമെന്നും സെസ് കൃത്യമായി പിരിച്ചെടുക്കണമെന്നും മന്ത്രി നിർദേശിച്ചു.

അതിഥി തൊഴിലാളികളുടെ സ്ഥിതിവിവര കണക്കുകൾ കൃത്യമായി ശേഖരിക്കണം. അതിനായി പ്രത്യേക ഇടപെടൽ നടത്തണം. മറ്റു വകുപ്പുകളുടെ സഹായവും ഇക്കാര്യത്തിൽ തേടാം. തൊഴിലിട പരിശോധനകൾ മറ്റുള്ളവർക്ക് ഉപദ്രവം ആവുന്ന തരത്തിലാവരുത്. പരാതികളിൽ മുൻഗണന ക്രമം പാലിക്കണമെന്നും മന്ത്രി പറഞ്ഞു.

മാസ്കോട്ട് ഹോട്ടൽ സിംഫണി ഹാളിൽ ഉച്ചയ്ക്ക് രണ്ടിന് ആരംഭിച്ച യോഗത്തിൽ തൊഴിൽ വകുപ്പ് സ്പെഷ്യൽ സെക്രട്ടറി ഷീബ ജോർജ്, അഡീഷണൽ ലേബർ കമ്മീഷണർമാരായ ബിച്ചു ബാലൻ, എം.കെ. സുനിൽ എന്നിവരും സന്നിഹിതരായിരുന്നു.

സംസ്ഥാനത്തെ മുഴുവൻ ജില്ലകളിൽ നിന്നുമുള്ള അസിസ്റ്റന്റ് ലേബർ ഓഫീസർ ഗ്രേഡ് രണ്ടു മുതൽ അഡീഷണൽ ലേബർ ഓഫീസർമാർ വരെയുള്ള ഉദ്യോഗസ്ഥർ യോഗത്തിൽ പങ്കെടുത്തു. ഇതുവരെ നടത്തിയ പ്രവർത്തനങ്ങളെക്കുറിച്ച് ഉദ്യോഗസ്ഥർ യോഗത്തിൽ വിശദീകരിച്ചു.

# കെറേറയിൽ ഓൺലൈൻ ഫയലിംഗ് സംവിധാനം ഉദ്ഘാടനം ചെയ്തു

**തിരുവനന്തപുരം:** കേരള റിയൽ എസ്റ്റേറ്റ് റെഗുലേറ്ററി അതോറിറ്റി പൊതുജനങ്ങൾക്കും റിയൽ എസ്റ്റേറ്റ് മേഖലയിലെ വിവിധ പങ്കാളികൾക്കും കൂടുതൽ വേഗത്തിലും കാര്യക്ഷമമമായും സേവനങ്ങൾ ലഭ്യമാക്കുന്നതിനുള്ള ഓൺലൈൻ ഫയലിംഗ് സംവിധാനം തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി കെ എം ഷാജി ഉദ്ഘാടനം ചെയ്തു. നിക്ഷേപകർക്കും പ്രൊമോട്ടർമാർക്കും പരാതികൾ പരിഹരിക്കുന്നതിനുള്ള നിയമനടപടികൾ കൂടുതൽ വേഗത്തിലും കാര്യക്ഷമമായും മുന്നോട്ടുകൊണ്ടുപോകാൻ ഓൺലൈൻ ഫയലിംഗ് സംവിധാനം സഹായകമാകുമെന്ന് മന്ത്രി പറഞ്ഞു.

തിരുവനന്തപുരം മാസ്കറ്റ് ഹോട്ടലിൽ നടന്ന ചടങ്ങിൽ കെറേറ ചെയർപേഴ്സൺ ഡോ. ആശാ തോമസ് അധ്യക്ഷത വഹിച്ചു. തദ്ദേശ സ്വയംഭരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറി ഷാനവാസ് എസ്, അതോറിറ്റി അംഗങ്ങളായ ഡോ. ബി സന്ധ്യ, എ മുഹമ്മദ് ഷബീർ എന്നിവർ പങ്കെടുത്തു. പുതിയ സംവിധാനത്തിലൂടെ കെറേറ ഓഫീസിൽ നേരിട്ട് എത്താതെ തന്നെ പൊതുജനങ്ങൾക്ക് പരാതികൾ ഓൺലൈനായി സമർപ്പിക്കാനും പരാതിയുമായി ബന്ധപ്പെട്ട രേഖകൾ അപ്‌ലോഡ് ചെയ്യാനും പരാതിയുടെ നിലവിലെ സ്ഥിതി ഓൺലൈനായി പരിശോധിക്കാനും, പരാതികൾ കൂടുതൽ സുതാര്യമായും സമയബന്ധിതമായും പരിഗണിക്കാനും സാധിക്കും.

# സംസ്ഥാനത്ത് ജനനനിരക്ക് കുറവ് ആലപ്പുഴയിൽ



**ചമ്പക്കുളം:** 2024ലെ ജനനനിരക്ക് ഏറ്റവും കുറവ് രേഖപ്പെടുത്തിയത് ആലപ്പുഴ ജില്ലയിലെന്ന് കണക്കുകൾ. 5.28 മാത്രമാണ് ജില്ലയിലെ ജനനനിരക്ക്. സംസ്ഥാന ജനനനിരക്ക് 9.64 ആയിരിക്കുമ്പോഴാണ് ആലപ്പുഴയിൽ ഇത്രയും കുറവ് രേഖപ്പെടുത്തിയത്. ജില്ലയിൽ മരണനിരക്ക് 8.79 ആണ്. 15.16 നിരക്കുള്ള മലപ്പുറമാണ് ജനനനിരക്കിൽ ഒന്നാം സ്ഥാനത്ത്.

2024ൽ ആലപ്പുഴയിൽ 11,419 പേർ ജനിച്ചതിൽ 5,778 ആൺകുട്ടികളും 5,640 പെൺകുട്ടികളും തിരിച്ചറിയാനാവാത്ത ഒരാളും ഉണ്ടായിരുന്നു എന്നാണ് കണക്ക്. ജില്ലയിൽ സ്ത്രീപുരുഷ അനുപാതം 976 ആണ്. ജില്ലയുടെ അർധവാർഷിക ജനസംഖ്യ 21,63,763 ആയിരുന്നു. ഇതിൽ ഗ്രാമവാസികൾ 18,16,977, നഗരവാസികൾ 3,46,786. ആലപ്പുഴ ജില്ലയിൽ ഗ്രാമീണ ജനസംഖ്യ നഗരവാസികളുടെ ആറ് ഇരട്ടിയോളമാണ്.

2024ൽ ജില്ലയിൽ 11,419 പേർ ജനിച്ചപ്പോൾ 19,029 പേർ മരിച്ചു. ആലപ്പുഴയിലെ ശിശുമരണ നിരക്ക് 3.24 മാത്രമാണ്. ഗ്രാമപ്രദേശത്ത് 6,136 പേർ ജനിച്ചപ്പോൾ നഗരപ്രദേശത്ത് 5,238 പേരാണ് ജനിച്ചത്. നഗരപ്രദേശത്തെ മരണം 3,302 മാത്രമായിരുന്നപ്പോൾ ഗ്രാമത്തിൽ ഇത് 15,727 ആയിരുന്നു. 2024ൽ മാത്രം ആലപ്പുഴ ജില്ലയിലെ ജനസംഖ്യയിൽ 7,610 പേരുടെ കുറവുണ്ടായി. ജില്ലയിൽ കഴിഞ്ഞ കുറച്ച് വർഷങ്ങളായി ഈ പ്രവണത തുടർന്നു വരുന്നതായി കാണാം.

പ്രസവത്തോടനുബന്ധിച്ചുള്ള അമ്മമാരുടെ മരണം 2024ൽ ആലപ്പുഴയിൽ ഒന്നുപോലും റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടില്ല എന്നത് ശ്രദ്ധേയമാണ്. സംസ്ഥാന സർക്കാർ 2024 വർഷത്തെ ജനന മരണങ്ങളെ അടിസ്ഥാനപ്പെടുത്തി തയാറാക്കി 2026ൽ പുറത്തിറക്കിയ കണക്കുകളിലാണ് ഈ വിവരങ്ങളുള്ളത്.

# കോതമംഗലം മൺസൂൺ ഫെസ്റ്റിവൽ ഒന്നു മുതൽ

**കോതമംഗലം:** കോതമംഗലത്തിന്റെ വിനോദസഞ്ചാര സാധ്യതകൾ കൂടുതൽ പ്രയോജനപ്പെടുത്തി മഴക്കാല ടൂറിസത്തിന് പുതിയ ദിശ നൽകുക എന്ന ലക്ഷ്യത്തോടെ സംഘടിപ്പിക്കുന്ന കോതമംഗലം മൺസൂൺ ഫെസ്റ്റിവെൽ ഒന്നു മുതൽ ഒന്പതു വരെ തട്ടേക്കാട് ആഘോഷിക്കും. ഒരുക്കങ്ങൾ വിലയിരുത്തുന്നതിനായി ജനപ്രതിനിധികളുടെയും വിവിധ വകുപ്പ് ഉദര്യോഗസ്ഥരുടെയും അവലോകന യോഗം കുട്ടമ്പുഴയിൽ ചേർന്നു.

മഴ അനുഭവത്തിനായി കോതമംഗലത്തേക്ക് വരൂ എന്ന പ്രമേയത്തിൽ ഒന്നു മുതൽ ഒമ്പതു വരെ സംഘടിപ്പിക്കുന്ന ഒന്പത് ദിവസത്തെ ഫെസ്റ്റിവലിന്റെ ലക്ഷ്യങ്ങളും പരിപാടികളുടെ രൂപരേഖയും യോഗം ഉദ്ഘാടനം ചെയ്ത് ഷിബു തെക്കുംപുറം എംഎൽഎ വിശദീകരിച്ചു. തട്ടേക്കാടിനോട് ചേർന്നുള്ള മിനി സ്വിറ്റ്സർലാൻഡ് എന്ന് അറിയപ്പെടുന്ന ക്യാച്ച്മെൻറ് ഏരിയ ഫെസ്റ്റിവലിന്റെ പ്രധാന വേദിയാകും. ഒന്നിന് മന്ത്രി മോൻസ് ജോസഫ് ഉദ്ഘാടനം ചെയ്യും. ഒന്പതിന് സമാപന സമ്മേളനത്തിൽ മന്ത്രി അനൂപ് ജേക്കബ് മുഖ്യാതിഥിയാകും.

മഴപ്പാട്ട് സന്ധ്യ, ബൈക്ക് റൈഡ്, സൈക്ലത്തോൺ, ജീപ്പ് റൈഡ്, ഷൂട്ട് ദി റെയിൻ ഫോട്ടോഗ്രാഫി മത്സരം, ട്രക്കിംഗ് ട്രയൽ, ട്രൈബൽ ഫോക്ക്‌ലോർ ഷോ, മഴനൃത്ത മത്സരം തുടങ്ങി മഴയും പ്രകൃതിയും പ്രമേയമാക്കിയ വൈവിധ്യമാർന്ന പരിപാടികളാണ് ഫെസ്റ്റിവലിന്റെ ഭാഗമായി ഒരുക്കിയിരിക്കുന്നതെന്ന് എംഎൽഎ അറിയിച്ചു. കോതമംഗലത്തെ പ്രധാന വിനോദസഞ്ചാര കേന്ദ്രങ്ങളെയെല്ലാം ഫെസ്റ്റിവലുമായി ബന്ധപ്പെടുത്തി സന്ദർശകർക്ക് സമഗ്രമായ ടൂറിസം അനുഭവം ഒരുക്കും. ഫെസ്റ്റിന്റെ വിജയകരമായ നടത്തിപ്പിനായി കുട്ടമ്പുഴ പഞ്ചായത്ത് പ്രസിഡൻറ് മേരി കുര്യാക്കോസിൻറെ നേതൃത്വത്തിൽ വിപുലമായ സംഘാടകസമിതി രൂപീകരിക്കും.

ആലോചനയോഗത്തിൽ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡൻറ് ജെസി സാജു അധ്യക്ഷത വഹിച്ചു.പിണ്ടിമന പഞ്ചായത്ത് പ്രസിഡൻറ് കെ.പി. ജോർജ്കുട്ടി, കീരംപാറ പഞ്ചായത്ത് പ്രസിഡൻറ് റീന ജോഷി, ജില്ലാ പഞ്ചായത്ത് അംഗം സൗമ്യ ശശി, ബ്ലോക്ക് പഞ്ചായത്ത് അംഗം ചിഞ്ചു ബിബി, പഞ്ചായത്ത് അംഗങ്ങളായ എൽദോസ് ബേബി, കാന്തി വെള്ളക്കയൻ, ശ്രീജിത്ത് ശിവൻ, റോബിൻ സാബു, എം.ജി. സനോജ്, സൽമ ഷാനവാസ്, കവിത ഗോപകുമാർ, റോമി ബിനോയ് തുടങ്ങിയവർ പങ്കെടുത്തു.

# നെന്മാറ മേഖലയിലെ നെൽകൃഷിയിൽ മണ്ഡരിരോഗം വ്യാപകം

**നെന്മാറ:** നെന്മാറ കൃഷിഭവനും വിള ആരോഗ്യകേന്ദ്രവും വിവിധ പാടശേഖരങ്ങളിൽ നടത്തിയ കീടരോഗസർവേയിൽ നെല്ലോലകളെ ആക്രമിക്കുന്ന മണ്ഡരികളുടെ ആക്രമണം രൂക്ഷമായതായി കണ്ടെത്തി.

വിള ആരോഗ്യപരിപാലന പദ്ധതിയുടെ ഭാഗമായുള്ള സർവേയിലാണ് അകമ്പാടം, എടക്കമ്പാടം സമിതികളിൽ മണ്ഡരിയുടെ സാന്നിധ്യം കണ്ടെത്തിയത്.

ഇടയ്ക്കിടെയുള്ള നല്ല വെയിലും മഴയുമാകാം മണ്ഡരികളുടെ വ്യാപനത്തിനു കാരണമാകുന്നതെന്നു നെന്മാറ കൃഷി ഓഫീസർ എസ്. കൃഷ്ണ പറഞ്ഞു.

പലതരത്തിൽപ്പെട്ട മഞ്ഞളിപ്പും ഇലകരിച്ചിലും പാടത്തു കാണുന്നുണ്ടെങ്കിലും മണ്ഡരികളുടെ ആക്രമണമാണോ എന്ന് കൃഷിഭവനുമായി ബന്ധപ്പെട്ടു ഉറപ്പാക്കിയ ശേഷം മാത്രം നിയന്ത്രണമാർഗങ്ങൾ അനുവർത്തിക്കേണ്ടതാണെന്നും കൃഷി ഓഫീസർ പറഞ്ഞു.

ലക്ഷണങ്ങൾ ശ്രദ്ധയിൽപെടുകയാണെങ്കിൽ ഉടൻ നെന്മാറ കൃഷിഭവനുമായി ബന്ധപ്പെടണം. കൃഷിഓഫീസർ എസ്. കൃഷ്ണ, അസിസ്റ്റന്റ് കൃഷി ഓഫീസർ സി. സന്തോഷ്, കൃഷി അസിസ്റ്റന്റ് വി. ലിഗിത, പെസ്റ്റ് സ്കൗട്ട് അജ്മൽ എന്നിവരടങ്ങിയ സംഘമാണ് രോഗബാധയുള്ള കൃഷിയിടങ്ങളിൽ പരിശോധന നടത്തിയത്.



# എരുമേലി മുതൽ പമ്പ വരെ 450 എഐ ക്യാമറകൾ

**ശബരിമല:** മണ്ഡല മകരവിളക്കു തീർഥാടനകാലത്ത് സന്നിധാനത്തെ തിരക്കു നിയന്ത്രിക്കാൻ നിർമിത ബുദ്ധി (എഐ) അധിഷ്ഠിത ക്യാമറകൾ സ്ഥാപിക്കാൻ തീരുമാനം. 450 ക്യാമറകൾ ഉൾപ്പെടുന്ന ഒന്നാംഘട്ടം പദ്ധതിയുടെ ചെലവ് 17 കോടി രൂപയാണ്. എഐ സംവിധാനം ഉപയോഗിച്ചു കേന്ദ്രീകൃത കൺട്രോൾ റൂം വഴി നിലയ്ക്കൽ, പമ്പ, മരക്കൂട്ടം, സന്നിധാനം എന്നിവിടങ്ങളിലെ ഭക്തജനത്തിരക്ക് നിയന്ത്രിക്കുകയാണ് ലക്ഷ്യം. ഇപ്പോഴത്തെ വെർചൽ ക്യൂ സംവിധാനവും ഇതുമായി ബന്ധിപ്പിക്കും. ഇതിനുള്ള കേന്ദ്രീകൃത കൺട്രോൾ റൂം പമ്പയിൽ സ്ഥാപിക്കും. പൊലീസും ദേവസ്വം ബോർഡും ചേർന്നാണു പദ്ധതി നടപ്പാക്കുന്നത്.

ഇൻഫ്രാറെഡ് സെൻസറുകൾ, ഡ്രോൺ ക്യാമറകൾ എന്നിവയുൾപ്പെടെ പ്രയോജനപ്പെടുത്തി പൂർണമായും ഓട്ടമേറ്റഡ് എഐ സാങ്കേതിക വിദ്യയാണു ഉപയോഗിക്കുക. സന്നിധാനം, പമ്പ-സന്നിധാനം പാതകൾ, പമ്പ, നിലയ്ക്കൽ, പത്തനംതിട്ട, എരുമേലി എന്നിവിടങ്ങളിൽ നിന്നു പമ്പയിലേക്കുള്ള പ്രധാന പാതകൾ തുടങ്ങി എല്ലാം ജിപിഎസ് മാപ്പിന്റെ പരിധിയിൽ കൊണ്ടുവരും. അതിലൂടെ ഓരോ മണിക്കൂറിലും ഉണ്ടാകാൻ സാധ്യതയുള്ള തിരക്ക് മുൻകൂട്ടി കാണാൻ കഴിയുമെന്നാണ് പൊലീസിന്റെ കണക്കുകൂട്ടൽ.

സന്നിധാനത്തെ സുരക്ഷ നിരീക്ഷിക്കുന്നതിനു നിലവിൽ 435 ക്യാമറകൾ ഉണ്ട്. അതിൽ 345 എണ്ണം ദേവസ്വം ബോർഡും 90 എണ്ണം പൊലീസുമാണ് സ്ഥാപിച്ചിട്ടുള്ളത്. ഇതിനു പുറമേയാണു തിരക്കു നിയന്ത്രണത്തിനായി എഐ സംവിധാനമുള്ള 450 ക്യാമറകൾ കൂടി പുതിയതായി വരുന്നത്.

കഴിഞ്ഞ തീർഥാടനകാലത്ത് പതിനെട്ടാംപടി കയറാൻ 8 മുതൽ 10 മണിക്കൂർ വരെ ഭക്തർ കാത്തുനിൽക്കേണ്ടി വന്നു. ക്യൂ നിന്നു തളർന്നവർ അതിൽ നിന്നു പുറത്തുചാടി കാട്ടിലെ വഴിയിലൂടെ നേരെ സന്നിധാനത്തെത്തി തിക്കുംതിരക്കും കൂട്ടിയിരുന്നു. ഇത് പൊലീസിന്റെ കണക്കു കൂട്ടലുകൾ തെറ്റിച്ചു. പതിനെട്ടാംപടിക്കൽ തിക്കും തിരക്കും ഉണ്ടാക്കാൻ ഇടയാക്കി. ഇത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കാൻ എഐ സംവിധാനം ഉപയോഗിച്ചുള്ള നിരീക്ഷണത്തിലൂടെ സാധിക്കുമെന്നാണു കണക്കുകൂട്ടുന്നത്.



# ഒരു ലക്ഷം പേർക്ക് സിപിആർ പരിശീലനം; മിഷൻ 100കെ പദ്ധതിക്ക് തുടക്കം

**തിരുവനന്തപുരം:** സംസ്ഥാനത്തെ ഒരു ലക്ഷം പേർക്ക് സിപിആർ പരിശീലനം നൽകുന്ന സംസ്ഥാനതല ബോധവൽക്കരണ പദ്ധതി 'മിഷൻ 100കെ' ആരോഗ്യമന്ത്രി കെ.മുരളീധരൻ ഉദ്ഘാടനം ചെയ്തു. തിരുവനന്തപുരം മാർ ഇവാനിയോസ് കോളജിൽ നടന്ന ചടങ്ങിൽ മന്ത്രി ഒ.ജെ.ജനീഷും ഭാഗമായി. വിസ്ഡം 4 ഫ്യൂച്ചർ ഇനിഷ്യേറ്റീവിന് കീഴിൽ വിസ്ഡം ഡെവലപ്മെന്റ് ഫൗണ്ടേഷനും ആസ്റ്റർ മെഡിസിറ്റിയും സംയുക്തമായാണ് പദ്ധതി നടപ്പിലാക്കുന്നത്. 14 ജില്ലകളിലായി 12 മാസം നീണ്ടുനിൽക്കുന്ന പദ്ധതി, കേരള പൊലീസ്, കെഎസ്ആർടിസി, കൊച്ചി മെട്രോ, റെയിൽവേ ജീവനക്കാർ, വിദ്യാർഥികൾ, അധ്യാപകർ, ഐടി പ്രഫഷനലുകൾ എന്നിവരുൾപ്പെടെ സമൂഹത്തിന്റെ എല്ലാ വിഭാഗങ്ങളിലേക്കും എത്തിച്ചേരും.

ഹൃദയസ്തംഭനം സംഭവിക്കുമ്പോൾ ജീവൻ രക്ഷിക്കാൻ സഹായിക്കുന്ന കാർഡിയോ പൾമണറി റെസസിറ്റേഷൻ (സിപിആർ) പരിശീലനം കൊച്ചി ആസ്റ്റർ മെഡിസിറ്റിയുടെ നേതൃത്വത്തിലാണ് നൽകുന്നത്. ആസ്റ്ററിന്റെ 'ബി ഫസ്റ്റ്' പദ്ധതിയുടെ ഭാഗമായി വിദഗ്ധ പരിശീലകരാണ് നേതൃത്വം നൽകുന്നത്. പൊതുജനങ്ങൾക്കും വിവിധ സർക്കാർ വകുപ്പുകൾക്കും പരിശീലനം നൽകി, അടിയന്തര ഘട്ടങ്ങളിൽ ആദ്യ പ്രതികരണം സാധ്യമാക്കുന്ന സമൂഹം സൃഷ്ടിക്കുകയാണ് പദ്ധതിയുടെ ലക്ഷ്യം.

ഹൃദയസ്തംഭനം സംഭവിക്കുന്ന വ്യക്തിക്ക് ആദ്യ 4 മിനിറ്റിനുള്ളിൽ സിപിആർ ലഭിച്ചാൽ അതിജീവന സാധ്യത ഗണ്യമായി വർധിക്കുമെന്ന് ആരോഗ്യവിദഗ്ധർ ചൂണ്ടിക്കാട്ടുന്നു. പൊതുജനങ്ങളിൽ ബഹുഭൂരിപക്ഷത്തിനും ഈ അടിസ്ഥാന ജീവൻ രക്ഷാ വൈദഗ്ധ്യം ഇല്ല എന്ന വിടവ് നികത്തി, എല്ലായിടത്തും ജീവൻ രക്ഷിക്കാൻ അറിയാവുന്ന ഒരാളെങ്കിലും ഉണ്ടാകണം എന്ന കാഴ്ചപ്പാടോടെയാണ് മിഷൻ 100കെ രൂപകൽപന ചെയ്തിരിക്കുന്നത്.

മിഷൻ 100കെയുടെ ക്യാംപെയിൻ അംബാസഡറായ നടൻ മാത്യു തോമസ് ചടങ്ങിൽ മന്ത്രി ഒ.ജെ.ജനീഷിൽ നിന്ന് 'കേരള ഫസ്റ്റ് റെസ്പോണ്ടർ' ബാഡ്ജ് ഏറ്റുവാങ്ങി. ചടങ്ങിൽ വിസ്ഡം ഡെവലപ്മെന്റ് ഫൗണ്ടേഷന്റെ രക്ഷാധികാരിയായ അംബാസഡർ ടി.പി.ശ്രീനിവാസൻ ഐഎഫ്എസ്, സംസ്ഥാന പൊലീസ് മേധാവി റവാഡ എ. ചന്ദ്രശേഖർ, കേരളലക്ഷദ്വീപ് എൻസിസി ഡയറക്ടർ മേജർ ജനറൽ സി.ജി.അരുൺ എവിഎസ്എം, സ്റ്റേഷൻ ഹെഡ് ക്വാർട്ടേഴ്സ് ആർമി സ്റ്റേഷൻ കമാൻഡർ ബ്രിഗേഡിയർ അനുരാഗ് ഉപാധ്യായ, വിസ്ഡം ഡെവലപ്മെന്റ് ഫൗണ്ടേഷൻ ചെയർമാനും വിസ്ഡം 4 ഫ്യൂച്ചർ ഇനിഷ്യേറ്റീവ് പ്രോജക്ട് ഡയറക്ടർ മൈക്കിൾ മാത്യു, ആസ്റ്റർ മെഡിസിറ്റി ചീഫ് ഓപ്പറേറ്റിങ് ഓഫിസർ ഡോ. ഷുഹൈബ് കാദർ, മാർ ഇവാനിയോസ് കോളജ് മാനേജർ ഫാ. തോമസ് കയ്യാലയ്ക്കൽ, ആസ്റ്റർ മെഡിസിറ്റി എമർജൻസി ഡിപ്പാർട്ട്മെന്റ് മേധാവി ഡോ. ജോൺസൺ കെ. വർഗീസ്, കോളജ് വൈസ് പ്രിൻസിപ്പൽമാർ എന്നിവരും ഭാഗമായി.

# കൗസ്തുഭം റസ്റ്റ് ഹൗസ് 28ന് ഭക്തജനങ്ങൾക്ക് സമർപ്പിക്കും

**ഗുരുവായൂർ:** ക്ഷേത്ര ദർശനത്തിനെത്തുന്ന ഭക്തർക്ക് കുറഞ്ഞ നിരക്കിൽ മികച്ചതാമസ സൗകര്യം ഒരുക്കുന്നതിനായി നവീകരിച്ച കൗസ്തുഭം റസ്റ്റ് ഹൗസിന്റെ സമർപ്പണം 28ന് നടക്കും. രാവിലെ ഒമ്പതിന് ദേവസ്വം മന്ത്രി കെ.മുരളീധരൻ ഉദ്ഘാടനം നിർവഹിക്കും. ദേവസ്വം ചെയർമാൻ എ.വി.ഗോപിനാഥ് അധ്യക്ഷനാകും. എൻ.കെ അക്ബർ എംഎൽഎ, ദേവസ്വം കമ്മീഷണർ എം.ജി.രാജമാണിക്കം, ഗുരുവായൂർ നഗരസഭ ചെയർപേഴ്സൺ സുനിത അരവിന്ദൻ, കളക്ടർ ശിഖ സുരേന്ദ്രൻ തുടങ്ങിയവർ പങ്കെടുക്കും.



കൗസ്തുഭം റസ്റ്റ് ഹൗസിൽ 97 മുറികളാണുള്ളത്. ഇതിൽ 31 എണ്ണം എസി മുറികളാണ്. 13.30 കോടി ചിലവഴിച്ച് ഊരാളുങ്കൽ ലേബർ സൊസൈറ്റിയാണ് പ്രവർത്തി പൂർത്തീകരിച്ചത്. പാഞ്ചജന്യം, പാഞ്ചജന്യം അനക്സ്, ശ്രീവത്സം, ശ്രീവത്സം അനക്സ്, കൗസ്തുഭം ഉൾപ്പെടെ ദേവസ്വം ലോഡ്ജുകളിൽ 400 ഓളം മുറികളാണുള്ളത്.

സൊസൈറ്റി ടുഡേ
SOCIETY TODAY

On The Road




# കാത്തിരിപ്പിന് വിരാമം; കിയ സൈറോസ് ഇവി എത്തി

ഇന്ത്യൻ ഇലക്ട്രിക് വാഹന വിപണിയിൽ വലിയ ചലനങ്ങൾ സൃഷ്ടിക്കാൻ ലക്ഷ്യമിട്ടാണ് കിയയുടെ ഈ പുതിയ ചുവടുവെപ്പ്. 25,000 രൂപ അഡ്വാൻസ് നൽകി ഉപഭോക്താക്കൾക്ക് ഇപ്പോൾ ഈ എസ്‌യുവി ബുക്ക് ചെയ്യാം. മികച്ച റേഞ്ചും പ്രീമിയം ഫീച്ചറുകളുമാണ് സൈറോസിന്റെ പ്രധാന ആകർഷണം.

വ്യത്യസ്ത ഡ്രൈവിംഗ് ആവശ്യങ്ങൾക്കായി രണ്ട് ബാറ്ററി പാക്ക് ഓപ്ഷനുകളിലാണ് വാഹനം എത്തുന്നത്. നഗരയാത്രകൾക്ക് അനുയോജ്യമായ 42 കിലോവാട്ട് അവർ ബാറ്ററിയും, ദീർഘദൂര യാത്രകൾക്കായി 51.4 കിലോവാട്ട് അവർ ബാറ്ററിയുമാണ് ഇതിലുള്ളത്. ഒറ്റത്തവണ ചാർജ് ചെയ്താൽ 526 കിലോമീറ്റർ വരെ ഓടുമെന്നാണ് എആർഎഐ സാക്ഷ്യപ്പെടുത്തുന്നത്.

20 ലക്ഷം രൂപയിൽ താഴെ വിലയുള്ള ഇലക്ട്രിക് എസ്‌യുവി വിപണി പിടിക്കാനാണ് കിയ ലക്ഷ്യമിടുന്നത്. ടാറ്റ പഞ്ച് ഇവി, വരാനിരിക്കുന്ന ഹ്യുണ്ടായ് ക്രെറ്റ ഇവി എന്നിവയുമായാണ് സൈറോസ് പ്രധാനമായും മത്സരിക്കുന്നത്. ബോക്സി ഡിസൈനും വിശാലമായ ഉൾഭാഗവുമാണ് ഇതിന്റെ പ്രത്യേകത. ഉയർന്ന ഗ്രൗണ്ട് ക്ലിയറൻസും മോഡേൺ ലുക്കും ഇന്ത്യൻ കുടുംബങ്ങളെയും യുവാക്കളെയും ഒരുപോലെ ആകർഷിക്കുന്നതാണ്.

ഇലക്ട്രിക് വാഹന ഉടമകൾക്കായി കെചാർജ് എന്ന പേരിൽ വിപുലമായ ചാർജിംഗ് ശൃംഖലയും കിയ ഒരുക്കുന്നുണ്ട്. പ്രധാന നഗരങ്ങളിലും ഹൈവേകളിലും ചാർജിംഗ് പോയിന്റുകൾ ലഭ്യമാകുന്നതോടെ ദീർഘദൂര യാത്രകൾ കൂടുതൽ എളുപ്പമാകും. കേരളം, തമിഴ്നാട് തുടങ്ങിയ സംസ്ഥാനങ്ങളിലൂടെ യാത്ര ചെയ്യുന്നവർക്ക് ചാർജ് തീരുമെന്ന ആശങ്ക ഇനി വേണ്ട. മൊബൈൽ ആപ്പ് വഴി എളുപ്പത്തിൽ ചാർജിംഗ് സ്റ്റേഷനുകൾ കണ്ടെത്താനും പണമടയ്ക്കാനും സാധിക്കും.

കേരളം, കർണാടക തുടങ്ങിയ സംസ്ഥാനങ്ങളിലെ നികുതി ഇളവുകൾ ഉപഭോക്താക്കൾക്ക് വലിയ ലാഭമുണ്ടാക്കും. കേരളത്തിൽ ഇലക്ട്രിക് വാഹനങ്ങൾക്ക് റോഡ് ടാക്സിൽ വലിയ ഇളവ് നൽകുന്നുണ്ട്. ഇത് പെട്രോൾ, ഡീസൽ വാഹനങ്ങളെ അപേക്ഷിച്ച് സൈറോസ് ഇവിയുടെ ഓൺറോഡ് വില ഗണ്യമായി കുറയ്ക്കാൻ സഹായിക്കും. കുറഞ്ഞ നിക്ഷേപത്തിൽ ഒരു പ്രീമിയം ഇവി സ്വന്തമാക്കാൻ ഇത് മികച്ച അവസരമാണ്.

അടുത്ത ഏതാനും ആഴ്ചകൾക്കുള്ളിൽ വാഹനത്തിന്റെ ഡെലിവറി ആരംഭിക്കാനാണ് കമ്പനിയുടെ തീരുമാനം. അനൗദ്യോഗിക ഡീലർഷിപ്പുകൾ വഴി ബുക്കിംഗിനായി അധിക തുക നൽകരുതെന്ന് കിയ മുന്നറിയിപ്പ് നൽകുന്നു. ഔദ്യോഗിക ചാനലുകൾ വഴി മാത്രം ബുക്കിംഗ് ഉറപ്പാക്കുക. കൂടുതൽ ആളുകൾ പരിസ്ഥിതി സൗഹൃദ യാത്രകളിലേക്ക് മാറുന്നതോടെ ഇലക്ട്രിക് വാഹന വിപണിയിൽ പുതിയൊരു തരംഗം സൃഷ്ടിക്കാൻ സൈറോസിന് സാധിക്കും.

# ഹ്യുണ്ടായ് ക്രെറ്റയോ കിയ സെൽറ്റോസോ വാങ്ങാൻ പ്ലാനുണ്ടോ? ജൂലൈയിൽ ഒരു ലക്ഷം രൂപ വരെ ലാഭിക്കാം



ഹ്യുണ്ടായ് ക്രെറ്റയോ കിയ സെൽറ്റോസോ വാങ്ങാൻ പ്ലാനുണ്ടോ? എങ്കിൽ ഇതാണ് പറ്റിയ സമയം. ജൂലൈ മാസത്തിൽ വമ്പിച്ച ഡിസ്കൗണ്ടുകളാണ് ഈ രണ്ട് എസ്‌യുവികൾക്കും ഡീലർമാർ പ്രഖ്യാപിച്ചിരിക്കുന്നത്. ഒരു ലക്ഷം രൂപ വരെ ലാഭിക്കാനുള്ള അവസരമാണ് ഉപഭോക്താക്കൾക്ക് മുന്നിലുള്ളത്. വർധിച്ചുവരുന്ന മത്സരം കണക്കിലെടുത്ത് സ്റ്റോക്ക് വേഗത്തിൽ വിറ്റഴിക്കാനാണ് കമ്പനികളുടെ നീക്കം. പെട്രോൾ, ഡീസൽ മോഡലുകൾക്ക് ഈ മാസം 31 വരെ ഓഫറുകൾ ലഭ്യമാണ്. ബജറ്റ് നോക്കി കാർ വാങ്ങുന്നവർക്ക് ഇത് സുവർണ്ണാവസരമാണ്. കൊച്ചി, ചെന്നൈ തുടങ്ങിയ പ്രധാന നഗരങ്ങളിൽ മിഡ്സ്പെക് വേരിയന്റുകൾക്കാണ് ആവശ്യക്കാർ ഏറെയുള്ളത്. 15 ലക്ഷം രൂപയിൽ താഴെ ഓൺറോഡ് വില വരുന്ന മോഡലുകൾക്കാണ് ഡിമാൻഡ് കൂടുതൽ. എക്സ്ചേഞ്ച് ബോണസും പ്രത്യേക കോർപ്പറേറ്റ് ആനുകൂല്യങ്ങളും കൂടി ചേർത്താൽ വലിയൊരു തുക തന്നെ ലാഭിക്കാം. കുറഞ്ഞ ചിലവിൽ ഒരു പ്രീമിയം എസ്‌യുവി സ്വന്തമാക്കാൻ ആഗ്രഹിക്കുന്നവർക്ക് ഈ മാസം മികച്ചൊരു അവസരമാണ് ഒരുങ്ങുന്നത്. ക്രെറ്റ സെൽറ്റോസ്: ജൂലൈയിലെ ഓഫർ പെരുമഴ കിയ സെൽറ്റോസിന്റെ മിഡ്, ഹൈസ്പെക് വേരിയന്റുകൾക്ക് മികച്ച ക്യാഷ് ഡിസ്കൗണ്ടാണ് ഇപ്പോൾ ലഭിക്കുന്നത്. എഡിഎഎസ് ഫീച്ചറുകൾ ഇഷ്ടപ്പെടുന്നവർക്ക് സെൽറ്റോസ് മികച്ച ഓപ്ഷനാണ്. അതേസമയം, ഹ്യുണ്ടായ് ക്രെറ്റ വാങ്ങുന്നവർക്ക് എക്സ്ചേഞ്ച് പ്രോഗ്രാമുകളിലൂടെയാണ് കൂടുതൽ ലാഭം ലഭിക്കുക. ചില നഗരങ്ങളിൽ പ്രത്യേക ഡീസൽ ഓട്ടോമാറ്റിക് വേരിയന്റുകൾക്ക് ഒരു ലക്ഷം രൂപ വരെ ആനുകൂല്യം ലഭിക്കുന്നുണ്ട്. ഓഗസ്റ്റിൽ വില വർധിക്കാൻ സാധ്യതയുള്ളതിനാൽ ജൂലൈ 31ന് മുമ്പ് ബുക്ക് ചെയ്യുന്നതാണ് ലാഭകരം. കോർപ്പറേറ്റ് ജീവനക്കാർക്ക് അവരുടെ കമ്പനിയുടെ ലെവൽ അനുസരിച്ച് 5,000 മുതൽ 10,000 രൂപ വരെ അധിക ഡിസ്കൗണ്ടിനും അർഹതയുണ്ട്. സെൽറ്റോസ് ഓഗ+, ക്രെറ്റ ട(ഛ) വേരിയന്റുകൾ തമ്മിൽ താരതമ്യം ചെയ്ത് നിങ്ങൾക്ക് ഏറ്റവും ലാഭകരമായത് തിരഞ്ഞെടുക്കാം. സുരക്ഷയിലും കംഫർട്ടിലും ഈ രണ്ട് എസ്‌യുവികളും ഇന്ത്യൻ കുടുംബങ്ങൾക്ക് മികച്ച യാത്രാനുഭവം നൽകുന്നവയാണ്. സ്റ്റോക്ക് തീരുന്നത് വരെ മാത്രമായിരിക്കും ഓഫറുകൾ ലഭ്യമാകുക.

# മെഴ്സിഡസ് മെയ്ബാക്ക് ജിഎൽഎസ് 680 ഇന്ത്യയിൽ

മെഴ്സിഡസ് ബെൻസ് തങ്ങളുടെ അത്യാഡംബര എസ്‌യുവി മെഴ്സിഡസ്മെയ്ബാക്ക് ഏഘട 680 ഫെയ്സ്‌ലിഫ്റ്റ് ഔദ്യോഗികമായി പുറത്തിറക്കി. പുത്തൻ ഡിസൈൻ മാറ്റങ്ങളും അത്യാധുനിക സാങ്കേതികവിദ്യയുമായാണ് ഈ വാഹനം ആഗോള വിപണിയിലെത്തുന്നത്. ജർമ്മൻ ബ്രാൻഡിന്റെ ഈ ഫ്ലാഗ്ഷിപ്പ് മോഡൽ 2025ന്റെ തുടക്കത്തിൽ ഇന്ത്യൻ വിപണിയിലെത്തുമെന്നാണ് പ്രതീക്ഷിക്കുന്നത്. ഇന്ത്യൻ റോഡുകളിൽ ആഡംബര യാത്രയുടെ പുതിയ അനുഭവം നൽകാനാണ് ഈ മോഡലിലൂടെ കമ്പനി ലക്ഷ്യമിടുന്നത്. പുതിയ മെയ്ബാക്കിന്റെ മുൻവശത്തെ ഗ്രില്ലിലും എയർ ഇൻടേക്കുകളിലും കാര്യമായ മാറ്റങ്ങൾ വരുത്തിയിട്ടുണ്ട്. 4.0 ലിറ്റർ ഢ8 എഞ്ചിനൊപ്പം മൈൽഡ്ഹൈബ്രിഡ് സാങ്കേതികവിദ്യയും ചേരുന്നതോടെ കരുത്തും ഇന്ധനക്ഷമതയും വർദ്ധിക്കും. അകത്തളത്തിൽ മികച്ച കണക്റ്റിവിറ്റിക്കായി പുതിയ ങആഡത സോഫ്റ്റ്‌വെയർ നൽകിയിട്ടുണ്ട്. മസാജ് സൗകര്യമുള്ള പിൻസീറ്റുകൾ, വൈൻ ചില്ലറുകൾ, പ്രീമിയം ലെതർ ഫിനിഷ് എന്നിവ യാത്രക്കാർക്ക് രാജകീയ അനുഭവം ഉറപ്പാക്കുന്നു. മെഴ്സിഡസ് മെയ്ബാക്ക് ഏഘട 680 ഫെയ്സ്‌ലിഫ്റ്റ്: ഡിസൈനും കരുത്തും ഇന്ത്യയിൽ റേഞ്ച് റോവർ ഓട്ടോബയോഗ്രഫി, ബെന്റ്‌ലി ബെന്റൈഗ എന്നിവയോടാണ് ഈ വാഹനം പ്രധാനമായും മത്സരിക്കുന്നത്. വിദേശത്ത് നിർമ്മിച്ച് നേരിട്ട് ഇന്ത്യയിലെത്തിക്കുന്ന മോഡലായതിനാൽ ഇതിന് ഇറക്കുമതി തീരുവ കൂടുതലായിരിക്കും. എങ്കിലും മികച്ച നിർമ്മാണ നിലവാരവും റോഡ് പ്രസൻസും ആഗ്രഹിക്കുന്ന അതിസമ്പന്നരായ ഉപഭോക്താക്കൾക്ക് ഈ മോഡൽ പ്രിയപ്പെട്ട ചോയിസായിരിക്കും. മോഡൽ ഇന്ത്യയിലെ ലോഞ്ചും വിലയും പുതിയ മോഡൽ വരാനിരിക്കെ നിലവിലെ പതിപ്പിനും വിപണിയിൽ വലിയ ഡിമാൻഡാണുള്ളത്. പഴയ സ്റ്റോക്കുകൾ ക്ലിയർ ചെയ്യുന്നതിന്റെ ഭാഗമായി മികച്ച ഓഫറുകൾ ലഭിക്കാൻ താല്പര്യമുള്ളവർക്ക് ഈ ആഴ്ച തന്നെ ഷോറൂമുകളുമായി ബന്ധപ്പെടാവുന്നതാണ്. എന്നാൽ ഏറ്റവും പുതിയ സോഫ്റ്റ്‌വെയറും ഡിസൈൻ മാറ്റങ്ങളും വേണമെന്നുള്ളവർക്ക് ഫെയ്സ്‌ലിഫ്റ്റ് പതിപ്പിനായി കാത്തിരിക്കാം. അടുത്ത വർഷം പകുതിയോടെ ഇന്ത്യയിലെത്തുമ്പോൾ ഇതിന് 3.50 കോടി രൂപയ്ക്ക് മുകളിൽ വില പ്രതീക്ഷിക്കാം. കൂടുതലാണെങ്കിലും ഇന്ത്യയിലെ ലക്ഷ്വറി എസ്‌യുവി വിപണി അതിവേഗം വളരുകയാണ്. പ്രമുഖ നഗരങ്ങളിലെ ശക്തമായ സാന്നിധ്യം മെഴ്സിഡസിനെ വിപണിയിൽ മുന്നിലെത്തിക്കുന്നു. എതിരാളികളായ ബ്രിട്ടീഷ്, ജർമ്മൻ ബ്രാൻഡുകളെ പിന്നിലാക്കി വിപണിയിൽ ആധിപത്യം തുടരാൻ ഈ പുതിയ മോഡൽ മെഴ്സിഡസിനെ സഹായിക്കും. ഡിസംബറോടെ ഈ വാഹനത്തിന്റെ കൂടുതൽ വിവരങ്ങൾ പുറത്തുവരുമെന്നാണ് കരുതുന്നത്.



# രണ്ട് വിമാനത്താവളങ്ങളുടെ ഓഹരി സ്വകാര്യ കമ്പനികൾക്ക് വിൽക്കാൻ കേന്ദ്രം, ലക്ഷ്യമിടുന്നത് 5750 കോടി

**ന്യൂഡൽഹി:** രാജ്യത്തെ രണ്ട് വിമാനത്താവളങ്ങളിൽ എയർപോർട് അതോറിറ്റി ഓഫ് ഇന്ത്യയ്ക്കുള്ള (എഎഐ) ഓഹരികൾ സ്വകാര്യ കമ്പനികൾക്ക് വിൽക്കാൻ കേന്ദ്ര സർക്കാർ. മുംബൈ, ഡൽഹി വിമാനത്താവളങ്ങളിൽ എഎഐയ്ക്ക് 26 ശതമാനം വീതം ഓഹരിയാണുള്ളത്. ഇത് നടപ്പു സാമ്പത്തിക വർഷം തന്നെ വിൽക്കാൻ കേന്ദ്രസർക്കാർ എഎഐയോടു നിർദേശിക്കുമെന്നാണ് വിവരം. സർക്കാർ ആസ്തികൾ സ്വകാര്യ മേഖലയ്ക്കു തുറന്നു കൊടുക്കാനുള്ള ദേശീയ സമ്പാദന പദ്ധതിയുടെ (നാഷനൽ മോണെടൈസേഷൻ പൈപ്പ് ലൈൻ 2.0) ഭാഗമായാണ് നീക്കം. അഞ്ചു വർഷത്തിനുള്ളിൽ ഇത്തരത്തിൽ 16.72 ലക്ഷം കോടി രൂപ സമാഹരിക്കാനാണ് കേന്ദ്രസർക്കാർ ലക്ഷ്യമിടുന്നത്.

രാജ്യത്തെ 26 വിമാനത്താവളങ്ങളുടെ പ്രവർത്തനം സ്വകാര്യ കമ്പനികൾക്കു കൈമാറാനാണ് സർക്കാർ പദ്ധതി. പശ്ചിമേഷ്യൻ യുദ്ധത്തോടെ സാമ്പത്തിക പ്രതിസന്ധി കനത്തതാണ് ഡൽഹി, മുംബൈ വിമാനത്താവളങ്ങളുടെ ഓഹരി കൈമാറ്റം വേഗത്തിലാക്കുന്നത്. എഎഐയുടെ ഓഹരികൾ വിറ്റ് നടപ്പുസാമ്പത്തിക വർഷം 2800 കോടി രൂപയും അടുത്ത സാമ്പത്തിക വർഷം 2950 കോടി രൂപയും സമാഹരിക്കാമെന്നാണ് കേന്ദ്രസർക്കാരിന്റെ പ്രതീക്ഷ.

പൊതുവിപണിയിൽ ഓഹരികൾ വിൽക്കുന്നതിനു പകരം തിരഞ്ഞെടുത്ത സ്വകാര്യ നിക്ഷേപകർക്ക് കൈമാറുന്ന പ്രൈവറ്റ് പ്ലേസ്മെന്റ് രീതിയായിരിക്കും സർക്കാർ സ്വീകരിക്കുക. മികച്ച വരുമാനം നേടുന്ന രണ്ട് വിമാനത്താവളങ്ങളുടെയും ഓഹരികൾ വാങ്ങാൻ നിക്ഷേപകരുടെ തള്ളിക്കയറ്റമുണ്ടാകുമെന്നും സർക്കാർ പ്രതീക്ഷിക്കുന്നുണ്ട്.

ഡൽഹി ഇന്റർനാഷനൽ എയർപോർട് ലിമിറ്റഡിൽ ജിഎംആർ എയർപോർട്സിന് 64 ശതമാനം ഓഹരിയും ജർമൻ കമ്പനിയായ ഫ്രാപോർട് എജിക്ക് 10 ശതമാനം ഓഹരിയുമാണുള്ളത്. രാജ്യത്ത് ഏറ്റവും തിരക്കുള്ള വിമാനത്താവളം കൂടിയാണിത്. 202324 സാമ്പത്തിക വർഷത്തിൽ 7.4 കോടി യാത്രക്കാരാണ് വിമാനത്താവളത്തിലൂടെ യാത്ര ചെയ്തത്. മുംബൈ ഇന്റർനാഷനൽ എയർപോർട് ലിമിറ്റഡിന്റെ 74 ശതമാനം ഓഹരിയും അദാനി ഗ്രൂപ്പിനാണ്. 202425 സാമ്പത്തിക വർഷത്തിൽ 5.5 കോടി യാത്രക്കാരാണ് ഇതുവഴി യാത്ര ചെയ്തത്. 2021ലാണ് 1685 കോടി രൂപയ്ക്ക് മുംബൈ വിമാനത്താവളത്തിലെ 23.5 ശതമാനം ഓഹരി അദാനി ഗ്രൂപ്പ് ഏറ്റെടുത്തത്.

# കുവൈറ്റിന്റെ ആദ്യ ഗോൾഡൻ റസിഡൻസി എം.എ. യൂസഫലിക്ക്

**കുവൈറ്റ് സിറ്റി:** വിദേശ നിക്ഷേപകരെ ആകർഷിക്കുന്നതിനായി കുവൈറ്റ് പുതുതായി ആരംഭിച്ച ദീർഘകാല റെസിഡൻസി പ്രോഗ്രാമിലെ ആദ്യ 15 വർഷത്തെ ഗോൾഡൻ റെസിഡൻസി ലുലു ഗ്രൂപ്പ് ഇൻറർനാഷണൽ ചെയർമാൻ എം.എ. യൂസഫലിക്ക് ലഭിച്ചു.

ബയാൻ കൊട്ടാരത്തിൽ നടത്തിയ ചടങ്ങിൽ കുവൈറ്റ് ഒന്നാം ഉപപ്രധാനമന്ത്രിയും ആഭ്യന്തര മന്ത്രിയുമായ ഷെയ്ഖ് ഫഹദ് യൂസഫ് സൗദ് അൽ സബാഹ് നേരിട്ടാണ് യൂസഫ് അലിക്ക് റെസിഡൻസി രേഖകൾ കൈമാറിയത്. രാജ്യത്തേക്ക് മികച്ച നിക്ഷേപം ആകർഷിക്കുന്നതിനും മിഡിൽ ഈസ്റ്റിലെ ഒരു പ്രധാന ബിസിനസ്നിക്ഷേപ കേന്ദ്രമായി കുവൈറ്റിനെ മാറ്റുന്നതിനും ഈ പദ്ധതി വലിയൊരു ചുവടുവയ്പ്പാണെന്ന് അദ്ദേഹം പറഞ്ഞു.

ഇതോടെ എല്ലാ ജിസിസി രാജ്യങ്ങളിലെയും ഗോൾഡൻ റസിഡൻസി നേടുന്ന ആദ്യത്തെ വിദേശ നിക്ഷേപകൻ എന്ന ബഹുമതി യൂസഫലിക്ക് സ്വന്തമായി. യുഎഇ, ബഹ്റൈൻ, ഒമാൻ, ഖത്തർ, സൗദി അറേബ്യ എന്നീ രാജ്യങ്ങളിലെ ഗോൾഡൻ റസിഡൻസി യൂസഫലിക്ക് നേരത്തെ ലഭിച്ചിരുന്നു.

രണ്ടായിരം മലയാളികൾ ഉൾപ്പെടെ ജോലി ചെയ്യുന്ന കുവൈറ്റ് ലുലുവിൽ നിലവിൽ 21 ഹൈപ്പർ മാർക്കറ്റുകളാണ് ഉള്ളത്. നാല് പുതിയ ഹൈപ്പർ മാർക്കറ്റുകൾ ഉടൻ തന്നെ തുടങ്ങും. ഇത് കൂടാതെ കുവൈറ്റിലെ ഏറ്റവും വലിയ ഭക്ഷ്യ സംസ്കരണ ലോജിസ്റ്റിക്സ് പദ്ധതിയും പ്രാരംഭ ഘട്ടത്തിലാണ്.

കുവൈറ്റ് സർക്കാരിന്റെ ആദ്യത്തെ ദീർഘകാല ഗോൾഡൻ റസിഡൻസി കാർഡിന് അർഹനായതിൽ സന്തോഷമുണ്ടെന്ന് യൂസഫലി പറഞ്ഞു. കുവൈറ്റ് ഭരണാധികാരികൾക്ക് നന്ദി രേഖപ്പെടുത്തിയ അദ്ദേഹം, ആഗോള നിക്ഷേപകർ വരുന്നതോടെ കുവൈറ്റിലെ സാമ്പത്തിക മേഖല കൂടുതൽ അഭിവൃദ്ധിപ്പെടുമെന്നും യൂസഫലി കൂട്ടിച്ചേർത്തു.



# മാലിന്യം വിറ്റ് സംസ്ഥാനത്തിന് 205 കോടി, ഹരിതകർമസേനയ്ക്ക് 40 കോടി

**കൊച്ചി:** സംസ്ഥാനത്തെ വീടുകളിൽ നിന്നും സ്ഥാപനങ്ങളിൽനിന്നും കഴിഞ്ഞ അഞ്ചു വർഷത്തിനിടെ മാലിന്യം ശേഖരിച്ചു വിറ്റതിലൂടെ ഹരിത കർമസേന നേടിയത് 40 കോടിയോളം രൂപ. പ്ലാസ്റ്റിക് അടക്കമുള്ള അജൈവ മാലിന്യങ്ങൾ (പുനരുപയോഗ സാധ്യതയുള്ള പാഴ്വസ്തുക്കൾ) സംസ്ഥാന സർക്കാരിനു കീഴിലുള്ള പൊതുമേഖലാ സ്ഥാപനമായ ക്ലീൻ കേരള കമ്പനിക്കു വിറ്റാണ് ഹരിതകർമസേന പണം സമ്പാദിച്ചത്. ഈ കാലയളവിൽ സംസ്ഥാനം ആകെ നേടിയത് 205.20 കോടി രൂപയാണ്.

കമ്പനി ഇതുവരെ 2,08,491 ടൺ അജൈവ പാഴ്വസ്തുക്കൾ ശേഖരിച്ച് ശാസ്ത്രീയമായി സംസ്കരിച്ചു. ഇതിൽ 56,620 ടൺ പുനരുപയോഗത്തിനു സാധ്യതയുള്ളതും വില ലഭിക്കുന്നതുമായ പ്ലാസ്റ്റിക് ഉൾപ്പെടെയുള്ളവയാണ്. 1.90 ലക്ഷം ടൺ പുനരുപയോഗം സാധ്യമല്ലാത്ത വസ്തുക്കളും 3,120 ടൺ ഇലക്ട്രോണിക് മാലിന്യവുമാണ്.

കമ്പനി ശേഖരിച്ച പ്ലാസ്റ്റിക് മാലിന്യങ്ങളിൽനിന്ന് 3,079 മെട്രിക് ടൺ ഷ്രെഡഡ് പ്ലാസ്റ്റിക് തദ്ദേശ സ്ഥാപനങ്ങൾക്കും പൊതുമരാമത്ത് വകുപ്പിനും കൈമാറി. ഇതുപയോഗിച്ച് കഴിഞ്ഞ അഞ്ചു വർഷത്തിനിടെ സംസ്ഥാനത്ത് 7,249 കിലോമീറ്റർ റോഡാണു നിർമിച്ചത്.

പാഴ്വസ്തുക്കൾ പൊതുസ്ഥലങ്ങളിൽ ഉൾപ്പെടെ വലിച്ചെറിയുന്നതും വീടുകളിൽ ഇവ കത്തിക്കുന്നതും ഒഴിവാക്കാൻ ക്ലീൻ കേരള കമ്പനിക്കും ഹരിത കർമസേനയ്ക്കും കഴിഞ്ഞു. ഇത് പൊതുജനാരോഗ്യത്തിന് പുതിയ മാതൃകയാണ്.

# 82.43 കോടി സമാഹരണ ലക്ഷ്യവുമായി സിൽവർസ്റ്റോം ഐ.പി.ഒ.

**കൊച്ചി:** കേരളം ആസ്ഥാനമായുള്ള സിൽവർസ്റ്റോം പാർക്സ് ആൻഡ് റിസോർട്ട്സ് ലിമിറ്റഡിന്റെ പ്രാഥമിക ഓഹരി വിൽപ്പന (ഐ.പി.ഒ.) ജൂലായ് 24 മുതൽ 28 വരെ. 82.43 കോടി രൂപയാണ് സമാഹരണലക്ഷ്യം. മൊത്തം 61.98 ലക്ഷം പുതിയ ഓഹരികളാണ് ഐ.പി.ഒ. വഴി വിറ്റഴിക്കുക. 10 രൂപ മുഖവിലയുള്ള ഓഹരിയൊന്നിന് 123 133 രൂപ നിലവാരത്തിലാണ് ലഭ്യമാക്കുന്നത്.

ഓഹരികൾ ബോംബെ സ്റ്റോക്ക് എക്സ്ചേഞ്ചിന്റെ (ബി.എസ്.ഇ.) എസ്.എം.ഇ. പ്ലാറ്റ്ഫോമിൽ ലിസ്റ്റ് ചെയ്യും. ജൂലായ് 31നാണ് ലിസ്റ്റിങ്. ആങ്കർ നിക്ഷേപകർക്കായുള്ള ബിഡ്ഡിങ് 23നാണ്. ഐ.പി. ഒ.യിലൂടെ വിൽപ്പനയ്ക്ക് വെച്ചിരിക്കുന്ന മൊത്തം ഓഹരികളിൽ 17.16 ലക്ഷം ഓഹരികൾ ഇവർക്കായാണ് വകയിരുത്തിയിരിക്കുന്നത്. ആങ്കർ ഒഴികെയുള്ള നിക്ഷേപക സ്ഥാപനങ്ങൾക്കായി 11.76 ലക്ഷം ഓഹരികളും.

വ്യക്തിഗത റീട്ടെയിൽ നിക്ഷേപകർക്കായി 20.62 ലക്ഷം ഓഹരികളാണ് ലഭിക്കുക. ഏറ്റവും കുറഞ്ഞ ലോട്ട് സൈസ് 2,000 ഓഹരികളാണ്. തുടർന്ന്, 1,000 ഓഹരികളുടെ ഗുണിതങ്ങളായി അപേക്ഷിക്കാം.

ഐ.പി.ഒ.യിലൂടെ സമാഹരിക്കുന്ന തുക ലഖ്നൗവിൽ സ്നോപാർക്ക്, ഫാമിലി എന്റർടെയ്ൻമെന്റ് സെന്റർ എന്നിവയുടെ നിർമാണം, കേരളത്തിൽ അതിരപ്പിള്ളിയിലുള്ള തീം




പാർക്കിന്റെ വികസനവും നവീകരണവും എന്നിവയ്ക്കായാണ് പ്രധാനമായും വിനിയോഗിക്കുക. ബിസിനസ് വിപുലീകരിക്കാനും പുതിയ ആകർഷണങ്ങൾ കൂട്ടിച്ചേർക്കാനും ഐ.പി.ഒ. വഴി സാധിക്കുമെന്ന് സിൽവർസ്റ്റോം പാർക്സ് ആൻഡ് റിസോർട്ട്സിന്റെ മനേജിങ് ഡയറക്ടർ എ.ഐ. ഷാലിമാർ പറഞ്ഞു.

തൃശ്ശൂർ ജില്ലയിലെ അതിരപ്പിള്ളിയിൽ 2000 ഓഗസ്റ്റിലാണ് സിൽവർസ്റ്റോം പ്രവർത്തനം തുടങ്ങുന്നത്. അമ്യൂസ്മെന്റ് വാട്ടർ പാർക്ക്, ഇൻഡോർ സ്നോ പാർക്ക്, റിസോർട്ട്, ഭക്ഷണശാലകൾ എന്നിവ ഒരൊറ്റ കേന്ദ്രത്തിൽ അണിനിരത്തുന്നു എന്ന പ്രത്യേകതയുള്ള അതിരപ്പള്ളിയിലെ സിൽവർസ്റ്റോമിൽ ഓണത്തോടുകൂടി കേബിൾ കാർ, സിങ്കപ്പൂരിലേതിന് സമാനമായി ഫോറസ്റ്റ് വില്ലേജ് എന്നിവയും സന്ദർശകർക്ക് തുറന്നു കൊടുക്കാനിരിക്കുകയാണ്.

റോപ്വേ പദ്ധതിയും വികസനഘട്ടത്തിലാണ്. 2025 ഒക്ടോബറിൽ ജംഷേദ്പുരിലും ഇൻഡോർ സ്നോ പാർക്ക് ആരംഭിച്ചു. ലഖ്നൗവിലെ ഓമാക്സ് ഹസ്രത്ഗഞ്ച് മാളിൽ പുതിയ സ്നോ പാർക്കും വിനോദകേന്ദ്രവും ആരംഭിക്കാൻ ഒരുങ്ങുകയാണ്. 2025 26 സാമ്പത്തികവർഷം കമ്പനിയുടെ മൊത്തം വരുമാനം 44.85 കോടിയും അറ്റാദായം 19.10 കോടി രൂപയുമാണ്.



# ഇന്ത്യൻ ഗൃഹോപകരണ വിപണി കൈയടക്കാൻ ഒപ്റ്റിമ

**കൊച്ചി:** ബഹറിൻ ആസ്ഥാനമായുള്ള പ്രമുഖ ഗൃഹോപകരണ ബ്രാൻഡായ ഓപ്ടിമ ഇന്ത്യയിലേക്ക് വീണ്ടും വരുന്നു.

കോവിഡ് മഹാമാരിയെത്തുടർന്ന് ഇന്ത്യയിൽ പ്രവർത്തനം താത്കാലികമായി നിർത്തിയെങ്കിലും വീണ്ടും ഇന്ത്യൻ വിപണിയിലേക്കു ശക്തമായ തിരിച്ചുവരവ് നടത്താനൊരുങ്ങുകയാണെന്ന് കൊച്ചിയിലെ താജ് ഹോട്ടലിൽ നടന്ന ചടങ്ങിൽ ഓപ്റ്റിമ പ്രസിഡൻറ് ഖുറൈഷ് ദാദാഭായ് പറഞ്ഞു

ആദ്യഘട്ടത്തിൽ കേരളത്തിൽ പ്രവർത്തനമാരംഭിക്കും. തുടർന്ന് ദക്ഷിണേന്ത്യയിലേക്കും പിന്നീട് രാജ്യം മുഴുവനായും വ്യാപിപ്പിക്കും. കഴിഞ്ഞ രണ്ടു വർഷമായി കേരളത്തിൽ ഓപ്റ്റിമയുടെ പ്രധാന റീട്ടെയിൽ പങ്കാളിയായി പിട്ടാപ്പിള്ളിൽ ഏജൻസീസ് പ്രവർത്തിക്കുകയാണ്. സംസ്ഥാനത്തെ എക്സ്ക്ലൂസീവ് ഡിസ്ട്രിബ്യൂട്ടറായി ഫോർടൈം സൊല്യൂഷൻസിനെ നിയമിച്ചതായും അദ്ദേഹം പറഞ്ഞു.

മിക്സർ ഗ്രൈൻഡർ, ഇൻഡക്ഷൻ കുക്കർ, എൽപിജി ഗ്യാസ് സ്റ്റൗവ്, എയർ ഫ്രയർ, ഓവൻ ടോസ്റ്റർ, വാക്വം ക്ലീനർ, പോർട്ടബിൾ ഐസ് മേക്കർ തുടങ്ങി വൈവിധ്യമാർന്ന ഇലക്ട്രിക്കൽ, നോൺ ഇലക്ട്രിക്കൽ ഗൃഹോപകരണങ്ങളാണ് ഓപ്റ്റിമ ഇന്ത്യൻ വിപണിയിൽ അവതരിപ്പിക്കുന്നത്. ഇന്ത്യയിൽ നിർമിച്ച് കയറ്റുമതി ചെയ്യാനും കമ്പനിക്ക് പദ്ധതിയുണ്ട്.

വാർത്താസമ്മേളനത്തിൽ പിട്ടാപ്പിള്ളിൽ ഏജൻസീസ് മാനേജിംഗ് ഡയറക്ടർ പീറ്റർ പോൾ, ഒപ്ടിഗോ കൺസ്യൂമർ പ്രോഡക്ട്സ് മാനേജിംഗ് ഡയറക്ടർ ബാബു വടക്കൻ, ഫോർടൈം സൊല്യൂഷൻസ് മാനേജിംഗ് പാർട്ണർ അഭിലാഷ്, മാർക്കറ്റിംഗ് മാനേജർ രാജീവ്കുമാർ തുടങ്ങിയവർ പങ്കെടുത്തു.




# കാർബൺ ക്രെഡിറ്റ് നേടുന്ന ആദ്യ വാട്ടർ മെട്രോയായി കൊച്ചി വാട്ടർ മെട്രോ

**കൊച്ചി:** പരിസ്ഥിതിസൗഹൃദ പൊതുഗതാഗത രംഗത്ത് ചരിത്രപരമായ ചുവടുവയ്പുമായി കൊച്ചി വാട്ടർ മെട്രോ.

കുറഞ്ഞ അന്തരീക്ഷ മലിനീകരണവും ഹരിതഗൃഹ വാതക ബഹിർഗമനത്തിലെ കുറവും ശാസ്ത്രീയമായി വിലയിരുത്തി സാമ്പത്തിക നേട്ടമാക്കി മാറ്റുന്ന കാർബൺ ക്രെഡിറ്റ് വാലിഡേഷൻ പ്രക്രിയയ്ക്കു കൊച്ചി വാട്ടർ മെട്രോ തുടക്കം കുറിച്ചു.

ബംഗളൂരു ആസ്ഥാനമായി പ്രവർത്തിക്കുന്ന കോഷർ ക്ലൈമറ്റ് എന്ന ഏജൻസിയാണ് ഇതു ചെയ്യുന്നത്.

പദ്ധതിക്കായി കൊച്ചി വാട്ടർ മെട്രോ യാതൊരു സാമ്പത്തികബാധ്യതയും വഹിക്കുന്നില്ല. പകരം ലഭിക്കുന്ന കാർബൺ ക്രെഡിറ്റുകൾ വിപണിയിൽ ട്രേഡ് ചെയ്യുമ്പോൾ കിട്ടുന്ന തുകയുടെ 71 ശതമാനവും കൊച്ചി വാട്ടർ മെട്രോയ്ക്കു ലഭ്യമാകുന്ന വിധത്തിലുള്ള റവന്യു ഷെയറിംഗ് മാതൃകയിലാണു കരാർ.



## യുഎസ്ടി ഗാർഡിയൻസ് ഓഫ് ഗ്രീൻ 2026 പദ്ധതിയിലൂടെ 7,500 വൃക്ഷത്തൈകൾ വിതരണം ചെയ്തു

**തിരുവനന്തപുരം:** വിദ്യാർത്ഥികളിൽ പരിസ്ഥിതി സംരക്ഷണത്തെക്കുറിച്ച് അവബോധവും ഉത്തരവാദിത്തബോധവും വളർത്തുകയെന്ന ലക്ഷ്യത്തോടെയും ഒരു വൃക്ഷത്തൈ എങ്കിലും സ്വന്തം വീട്ടിൽ നട്ടുവളർത്താൻ വിദ്യാർത്ഥികളെ പ്രോത്സാഹിപ്പിക്കുന്നതിനുമായി പ്രമുഖ ഐ.ടി കമ്പനിയായ യുഎസ്ടി 'ഗാർഡിയൻസ് ഓഫ് ഗ്രീൻ 2026'എന്ന പദ്ധതി നടപ്പാക്കി. ചെറുപ്പം മുതൽ തന്നെ സുസ്ഥിര ജീവിതശൈലിയും പരിസ്ഥിതി സൗഹൃദ ശീലങ്ങളും വളർത്തിയെടുക്കാൻ സഹായകമാകുന്ന വിധത്തിൽ ആണ് ഈ പദ്ധതി ആസൂത്രണം ചെയ്തിട്ടുള്ളത്. പദ്ധതിയുടെ ഭാഗമായി തിരുവന്തപുരം, കൊച്ചി എന്നിവിടങ്ങളിലെ വിവിധ സ്കൂളുകളിൽ 7,500 വൃക്ഷത്തൈകൾ ഈവർഷം വിതരണം ചെയ്തു. കമ്പനിയുടെ സി.എസ്.ആർ വിഭാഗമാണ് പദ്ധതി ആവിഷ്കരിച്ച് നടപ്പാക്കിയത്.

വൃക്ഷത്തൈകളുടെ വിതരണോദ്ഘാടനം യുഎസ്ടി വൈസ് പ്രസിഡന്റ് ശിൽപ മേനോൻ നിർവഹിച്ചു. ചടങ്ങിൽ ജനറൽ മാനേജർ ഷെഫി അൻവർ, പ്രോസസ് ഇന്റലിജൻസ് അഡ്വൈസറി ആൻഡ് കൺസൾട്ടിങ് സർവീസ് പ്രാക്ടീസ് മേധാവി ഗായത്രി നായർ, സിഎസ്ആർ ലീഡ് വിനീത് മോഹനൻ,രാമുകൃഷ്ണ, സിഎസ്ആർ അംബാസഡർ നന്ദ് സുന്ദരം, കേരള പിആർ ആൻഡ് മാർക്കറ്റിങ് സീനിയർ ലീഡ് കെ റോഷ്നി ദാസ് എന്നിവരും സന്നിഹിതരായിരുന്നു.




## ഡൽഹിയിൽനിന്ന് ടൊറൻറോയിലേക്കു നിർത്താതെ പറക്കാൻ എയർ ഇന്ത്യ

**ന്യൂഡൽഹി:** ഡൽഹിയിൽ നിന്ന് ടൊറൻറോയിലേക്ക് നേരിട്ടുള്ള വിമാനസർവീസുമായി എയർ ഇന്ത്യ.

ഇന്ധനം നിറയ്ക്കുന്നതിനായി യാത്രക്കിടെ ഇറക്കാതെയുള്ള സർവീസ് ഓഗസ്റ്റ് ഒന്നിനാണ് തുടങ്ങുക.

ബോയിംഗ് 7879 വിമാനമാണ് ഇതിനായി ഉപയോഗിക്കുന്നത്. ഡൽഹി-ടൊറൻറോ റൂട്ടിൽ ഇപ്പോൾ സർവീസ് നടത്തുന്ന ബോയിംഗ് 777 വിമാനങ്ങൾ ഇന്ധനം നിറയ്ക്കാനായി ഓസ്ട്രിയയിലെ വിയന്നയിൽ ഇറങ്ങിയ ശേഷമാണ് യാത്ര തുടരുന്നത്.

## കാൻസർബാധിതരായ കുട്ടികൾക്ക് വി ഗാർഡിന്റെ സഹായപദ്ധതി

**കൊച്ചി:** കാൻസർബാധിതരായ 14 വയസിനു താഴെയുള്ള കുട്ടികൾക്ക് സഹായവുമായി വി ഗാർഡ് ഇൻഡസ്ട്രീസ് ലിമിറ്റഡ്.

അനഹതം എന്നപേരിലുള്ള പദ്ധതിയിൽ തിരുവനന്തപുരം ആർസിസിയിൽ ചികിത്സ നടത്തുന്ന 30 കുട്ടികൾ ഗുണഭോക്താക്കളാകും. മൂന്നു ലക്ഷത്തിൽ താഴെ വാർഷികവരുമാനമുള്ള കുടുംബങ്ങളിലെ കുട്ടികൾക്കുവേണ്ടിയാണ് പദ്ധതി.

കാൻസർബാധിതരായ കുട്ടികൾക്കും അവരുടെ കുടുംബങ്ങൾക്കും ഒപ്പമുണ്ടാകുക എന്നത് തങ്ങളുടെ ഉത്തരവാദിത്വമാണെന്ന് വി ഗാർഡ് ഇൻഡസ്ട്രീസ് ലിമിറ്റഡിന്റെയും വി ഗാർഡ് ഫൗണ്ടേഷന്റെയും ഡയറക്ടർ ഡോ. റീനാ മിഥുൻ ചിറ്റിലപ്പിള്ളി പറഞ്ഞു.

എറണാകുളം ആസ്ഥാനമായി പ്രവർത്തിക്കുന്ന ആരോഹ് എന്ന എൻജിഒയുമായി ചേർന്നാണു പദ്ധതി നടപ്പാക്കുന്നത്.

RNI No:KERMAL/2018/76135 Society Today Magazine-Special Issue-Private circulation, Kochi-26, 0484-3512288 , Kerala.E-mail-societytodaynews@gmail.com